**PRWHSS**
**KATTAKKADA**



# "BLOOMING" BUDS

**LITTLE KITES 2018-19**

# *Our Founder Manager*



***Sri. PADMANABHAN RICHEL WILLIAM***

# MESSAGE



*I am happy to know that the PRWHSS KATTAKADA, is bringing out its school magazine titled hope. The magazine would help to enrich the creative talents of the students.*

*I extend my good wishes to the magazine and the academic fraternity there.*

***Ajith Wills Nirmal B.***
*Manager*
*PRWHSS Kattakada*

# MESSAGE



*I am happy to learn that the teachers and students of our school bringing out a **'Blooming Buds'** this year as part of the 'Little Kites'. I congratulate the teachers and students for this creative initiative, which I hope will contain information article. Let the talents of the students get reflected in the magazine.*

***Stanlo John***
*Principal*

# MESSAGE



*Dear Student,*

*A School becomes successful when its students utilize their acquired skills practically in their daily lives. In fact, we all learn a lot of new things everyday through interactions with the society, observations, thoughts and responses. Education is a lifelong process. It doesn't take place only in the class room, nor does it end up with our carrier. When we put our knowledge in to practice, we become successful. Keeping in mind our school motto "we educate not for school, but for life", we prepare our children to be practical to face the challenges for their lives.*

*We value individualism and try to inculcate creativity, innovation and confidence. Besides rigorous scholastic programmes, the school has marked its name in all spheres such as art and craft, variety of sports, environmental conservation activities and the list goes on.......*

***" Blooming buds "** is a milestone that marks our growth, unfolds our imagination, showcases our productivity and unleashes a wide spectrum of creative skills. I congratulate the entire editorial and designing teams on their hard work and dedication that has resulted in the publication of this beautiful piece of work.*

*Wish you all the very best.*

*By*
***Gilda.S***
*(Headmistress)*

# MESSAGE



*This is glad to hear that **P.R.WHSS K**attakada is publishing the output of student's creative talents named as "Blooming Buds". I hope this magazine will help our children to bloom perfectly. My hearty wishes to the entire crew for this successful achievement.*

***Maheen .S***
*PTA President*

# EDITOR'S CHOICE

*Dear Readers,*

*Language is the key to open our mind and express our imagination. Each and every letter constitute the milestones for the acquisition of language. Imagination and creativity help us to be cultural and mark our names in the modern society. Each bud has its own creativity. Our duty is to make them full blooming with variety of colours and fragrance.*

*We all known that education is the manifestation of perfection. It can inculcate essential qualities and human values in our mind. Our ultimate aim is to make use of them perfectly fit for the society with all moral values like sympathy, love, benevolence, unity, respect and politeness. We hope that this digital attempt may encourage our technological knowledge and wide possibilities of ICT enabled education.*

*We are very grateful to all the Teachers, Friends and well-wishers who supported us for this successful achievement. We proudly present our "Blooming Buds" before you for support and valuable suggestions.*

*Chief Editor*
***Ansen Thomas***

*Sub Editors*

1. ***Arjun.B***
2. ***Abhijith.G.S***


# *EDITORIAL BOARD*



**Ansan Thomas**
(Chief Editor)



**Arjun.B**
(Sub Editor)



**Abhijith G.S.**
(Sub Editor)



**SOPHIA C.L.**
(Little Kites Mistress )



**JAYASREE S.K.**
(Little Kites Mistress )



**PREETHA K.L**
(SITC)



Staff Photo

# CONTENT


- സ്കൂൾ ചരിത്രം
- സ്കൂൾ ഇന്ന്
- മലയാളം മറക്കുന്ന മലയാളി
- ആഗോളതാപനം
- കംപ്യൂട്ടർ
- എന്റെ കേരളം
- കടങ്കഥകൾ
- കടങ്കഥാസാഗരം
- കോഴി
- കുഞ്ഞാറ്റക്കിളി
- ആന പശുവായാൽ
- ഓണപ്പാട്ടുകൾ
- ഒരു വേനൽ അവധി
- പൊൻ പ്രഭാതം
- റോബോട്ടിക്സ്
- ഉറുമ്പ്
- വായനാശീലം കുട്ടികളിൽ
- പ്രകൃതിയുടെ അതിജീവനം
- മാലിന്യമുക്ത കേരളം
- ബേപ്പൂർസുൽത്താൻ എന്ന വൈക്കം മുഹമ്മദ് ബഷീർ
- യാത്ര പോയതറിയാതെ

- B+ve
- Dog &Cat
- Methods to reduce energy
- Mothertheresa
- Science as a blessing
- The Rise of an Angel
- Math Magic
- Mathematical Puzzles
- Tricks of Mathematics

# സ്കൂൾ ചരിത്രം

തിരുവനന്തപുരം ജില്ലയിൽ,കാട്ടാക്കട താലൂക്കിൽ,വെള്ളനാട് ബ്ലോക്കിൽ,കാട്ടാക്കട പഞ്ചായത്തിൽ,കുളത്തുമ്മൽ വില്ലേജിൽ,കാട്ടാക്കട-ഡാം റോഡിൽ ക്രിസ്ത്യൻ കോളേജിന് എതിർവശത്തായി സ്ഥിതി ചെയ്യുന്ന കാട്ടാക്കട താലൂക്കിലെ ആദ്യത്തെ ഹൈസ്കൂൾ വിദ്യാലയമാണ് പി ആർ വില്ല്യം ഹയർസെക്കന്ററി സ്കൂൾ.

സാമൂഹിക-സാംസ്കാരിക പിന്നോക്കാവസ്ഥയിലായിരുന്ന ഒരു ജനസമൂഹം തെക്കൻകേരളത്തിലെ കാട്ടാക്കട എന്ന മലയോര ഗ്രാമ പ്രദേശത്ത് തിങ്ങി വസിച്ചിരുന്നു.ചില ഇംഗ്ലീഷ് മിഷനറിമാരുടെ മേൽനോട്ടത്തിൽ ഒരു എൽ.എം.എസ് പ്രൈമറി സ്കൂൾ **1900**-മാണ്ടിനോട് അടുപ്പിച്ച് ഇവിടെ സ്ഥാപിതമായി. പക്ഷേ ഉന്നത വിദ്യാഭ്യാസത്തിന് യാതൊരു സാധ്യതയും ഇല്ലാതിരുന്ന അക്കാലത്ത് കാഞ്ഞിരംകുളം എന്ന സ്ഥലത്തു നിന്നും പ്രഗത്ഭനായ ഒരു അദ്ധ്യാപകൻ ഈ സ്കൂളിൽപ്രഥമ അദ്ധ്യാപകനായി വന്നു.പി.ആർ.വില്യം എന്നായിരുന്നു അദ്ദേഹത്തിൻറ പേര്. നാട്ടുകാരുടെ നിരന്തരമായ ആവശ്യപ്രകാരം,ഉന്നത വിദ്യാഭ്യാസം ലക്ഷ്യമാക്കി ഒരു പുതിയ സ്കൂൾ തുടങ്ങാൻ ശ്രീ പി ആർ വില്യം ശ്രമമാരംഭിച്ചു. സ്കൂൾ റിക്കോർഡ് അനുസരിച്ച് **1935** മെയ് മാസം, മുപ്പതാം തിയതി കാട്ടാക്കട ഇംഗ്ലീഷ് സ്കൂൾ എന്ന പേരിൽ ഈ സ്കൂൾ സ്ഥാപിതമായി.സ്കൂളിൽ ഇന്നും നിൽക്കുന്ന മുത്തശ്ശി പ്ലാവിന്റെ ചുവട്ടിൽ ഈശ്വരധ്യാനത്തോടെ ആരംഭിച്ചതാണ് ഈ പള്ളിക്കൂടം.സ്കൂളിന് സ്ഥലം ലഭ്യമാക്കിയത് കാട്ടാക്കട പഞ്ചായത്തിലെ കാട്ടാക്കട സ്വദേശിയായ ശ്രീ. കേശവപിള്ള എന്ന മാന്യ വ്യക്തിയാണ്.

**ആദ്യ കാലത്ത് പത്താം ക്ലാസ്സ് പരീക്ഷ കാഞ്ഞിരംകുളം സ്കൂളിലും മറ്റുമാണ് എഴുതേണ്ടിയിരുന്നത്. 1952 ൽ ഈ സ്കൂളിൽ ആദ്യമായി പത്താം ക്ലാസ്സ് പരീക്ഷ നടന്നു. മുൻ എം പി ശ്രീ ചാൾസും,എം എൽ എ ശ്രീ ഐ ബി സതീഷ്, പി എസ് സി മെമ്പർ ഡോ.രാജയ്യൻ എന്നിവർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യർത്ഥികളാണ്. കാട്ടാക്കട ഇംഗ്ലീഷ് സ്കൂൾ അപ്ഗ്രേഡ് ചെയ്യതോടെ ഇത് എച്ച് എസ് കാട്ടാക്കട എന്ന് അറിയപ്പെട്ടു. 2003-ൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ചതോടെ പി ആർ വില്ല്യം ഹയർ സെക്കന്ററി സ്കൂൾ എന്നും പുനർനാമകരണം ചെയ്യു.**

**P R W H S S KATTAKADA**

# ***സ്കൂൾ ഇന്ന്***

വിദ്യാഭ്യാസ,സാമൂഹിക,സാംസ്കാരികമൂല്യങ്ങൾക്ക്ഊന്നൽനൽകികൊണ്ട് പ്രൗഢഗംഭീരമായ രീതിയിൽ ഈ സ്ഥാപനം തലയുയർത്തി നിൽക്കുന്നു. ഇംഗ്ലീഷ്, മലയാളം പഠനമാധ്യമങ്ങളിലായി ഏകദേശം 1450 വിദ്യാർത്ഥികളും 60 ജീവനക്കാരും ഇന്ന് ഈ വിദ്യാലയത്തിന്റെ ഭാഗമാണ്. ശ്രീ ഡി സ്റ്റാൻലോ ജോൺ പ്രിൻസിപ്പലായും, ശ്രീമതി ഗിൽഡ എസ് ഹെഡ്മിസ്ട്രസായും സേവനം അനുഷ്ഠിക്കുന്നു ശ്രീ ജെ മാഹീൻ പി ടി എ പ്രസിഡന്റായി പ്രവർത്തിക്കുന്നു. അക്കാദമികവും, കലാകായികമേഖലകളിൽ സ്തുത്യർഹമായ നേട്ടങ്ങൾ നമ്മുടെ വിദ്യാലയം കൈവരിച്ച് പോരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി എസ് എസ് എൽ സി യ്ക്ക് 98% -ൽ അധികം വിജയം നേടി വരുന്നു. ഇക്കഴിഞ്ഞ എസ് എസ് എൽ സി പരീക്ഷയിൽ 99.5% വിജയം നാം കരസ്ഥമാക്കി.

എൻ സി സി, എൻ എസ് എസ്, ജെ ആർ സി, സ്കൗട്ട് & ഗൈഡ്സ് എന്നിവയുടെ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് കലാസാഹിത്യ മേഖലകളിൽ പ്രോത്സാഹനം നൽകികൊണ്ട് നമുക്ക് സ്വന്തമായി ഒരു റേഡിയോ ക്ലബ് "വിദ്യാവാണി "എന്ന പേരിൽ ഇവിടെ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് ലിറ്റിൽ കൈറ്റ്സ്, വിദ്യാരംഗം, സോഷ്യൽ സയൻസ് ക്ലബ്, ഗണിത ക്ലബ്, പരിസ്ഥിതി ക്ലബ്, സയൻസ് ക്ലബ്, ആർട്സ് ക്ലബ്, എനർജി ക്ലബ്, ജല ക്ലബ്, സ്പോർട്സ് ക്ലബ് എന്നി ക്ലബുകൾ പ്രവർത്തിക്കുന്നു. യുപി, എച്ച് എസ്, എച്ച് എസ് എസ് വിഭാഗങ്ങൾക്ക് പ്രത്യേകം, പ്രത്യേകം, പ്രത്യേകം ആധുനിക സജ്ജീകരണങ്ങളോട്ടുകൂടിയ കമ്പ്യൂട്ടർ ലാബ്, നല്ല രീതിയിൽ സജ്ജമാക്കിയ സയൻസ് ലാബുകൾ, ലൈബ്രറി, വായനാമുറി, എന്നിവ നമ്മുടെ സ്കൂളിലുണ്ട്.

ആധുനിക രീതിയിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സാധ്യമാക്കികൊണ്ടുള്ള പതിനേഴ് ഹൈടെക്ക് ക്ലാസ്സ് മുറികൾ നിലവിലുണ്ട്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി പ്രത്യേക ക്ലാസ്സ് മുറി സജ്ജമാക്കിയിട്ടുണ്ട്. റിസോഴ്സ് അധ്യാപകന്റെ സേവനവും ലഭ്യമാണ്. ഇത്തരത്തിൽ വിദ്യാർത്ഥികളുടെ സർവ്വോൻമുഖമായ വികസനത്തിനും പുരോഗതിക്കും ഉതകുന്നതരത്തിലുള്ള എല്ലാ സജ്ജീകരണങ്ങളോട്ടുംകൂടി നമ്മുടെ വിദ്യാലയം ഈ പ്രദേശത്ത് വേറിട്ട് നിൽക്കുന്നു.



# മലയാളം മറക്കുന്ന മലയാളി

*"ഓം ഹരി ശ്രീ ഗണപതേയ നമഃ*
*അവിഘ്ന നമസ്തും"*

നിള ഡി ദിനേശ് **VIII D**

ഓരോ കേരളീയനും അറിവിന്റെ ആദ്യാക്ഷരങ്ങൾ കുറിക്കുന്നത് ഈ മന്ത്രത്തിലൂടെയാണ്. അക്ഷരങ്ങളുടെ അനന്തവിഹായസ്സിലേക്ക് അറിവിന്റെ ചിറകടിച്ച് പറക്കാൻ മതങ്ങളുടേയും ജാതിയുടേയും മതിൽക്കെട്ടുകൾ പല രീതിയിൽ അവലംബിക്കുന്നുണ്ടെങ്കിലും, ആത്യന്തികമായി ഈ മന്ത്രോച്ചാരണം തന്നെ നമുക്ക് കണക്കിലെടുക്കാം.

പൗരാണിക കാലത്ത് ഗുരുകുല വിദ്യാഭ്യാസം ആയിരുന്നുവല്ലോ ? കാലം ഏറുന്നതനുസരിച്ച് വിദ്യാഭ്യാസരീതികൾ മാറി നൂതന സാങ്കേതിക വിദ്യകൾ സ്വായത്തം ആക്കുന്ന തരത്തിലുള്ള വിദ്യാലയങ്ങൾ വന്നു. ഇന്നത്തെ ആധുനിക യുഗത്തിൽ നമുക്കു ചുറ്റും നോക്കിയാൽ കാണുന്നത് മൺമറഞ്ഞുപോയ വിദ്യാഭ്യാസ രീതികളും, വിദ്യാഭ്യാസത്തിന്റെ ഒരു പുതിയ മുഖം കൂടിയാണ്. ഇതൊക്കെ കണ്ടില്ലെന്ന് നടിക്കാം. എന്നാൽ മലയാളമണ്ണിൽ ജനിച്ചുവളർന്ന ഇന്നത്തെ സമൂഹത്തിന്റെ ആംഗലേയ പദങ്ങൾ വിഴുങ്ങുന്നത് മാതാപിതാകൾക്ക് അഭിമാനമാണ്.

പണ്ട്, വർഷങ്ങൾക്ക് മുമ്പ് ഒരുപാട് ധീരരുടെ ത്യാഗത്തിന്റെയും സഹനത്തിന്റെയും ഫലമായിട്ടാണ് നമ്മെ ബ്രിട്ടീഷ് സൈന്യം സ്വതന്ത്രരാക്കിയത്. അന്ന് ആംഗലേയ ഭാഷയേയും ആംഗലേയ ഭാഷാനുവർത്തികളെയും ആട്ടിപ്പായിക്കാൻ പൊലിഞ്ഞത് ആയിരങ്ങളുടെ ജീവിതം. എന്നാൽ ഈ സമൂഹത്തിന് ആംഗലേയത്തോടും അവരുടെ രീതികളോടും ഒരുതരം ഭ്രമമാണ്.

മലയാളം നമ്മുടെ മാതൃഭാഷയാണ്. മർത്യന് മാതൃഭാഷ പെറ്റമ്മയാണ്. മറ്റു ഭാഷകളെല്ലാം പോറ്റമ്മമാരും. പെറ്റമ്മയോളം വരില്ലല്ലോ പോറ്റമ്മ. മലയാളം മാത്രമേ പഠിക്കാവൂ, മലയാളം മാത്രമേ പറയാവൂ എന്നൊന്നും നിഷ്കർഷിക്കേണ്ട. എങ്കിലും സമൂഹത്തിന്റെ ഉന്നതിയിലേക്ക് കുതിക്കുന്ന യാത്രയിൽ മറ്റ് ഭാഷകൾ തേടി പോകുമ്പോൾ മറക്കരുത്, നമ്മുടെ മലയാളത്തെ. മറ്റ് ഭാഷകളെ സ്നേഹിക്കാം സ്വായത്തമാക്കാം എങ്കിലും അതൊരിക്കലും മലയാളത്തെ മറന്നുകൊണ്ടല്ല, ഉപേക്ഷിച്ചുകൊണ്ടല്ല.

"ചിന്തയുടെ വാഹനം മാത്രമല്ല ഭാഷ, പിന്നെയോ, ചിന്തിക്കാനുള്ള ഉപകരണം കൂടിയാണ്."

**P R W H S S KATTAKADA**





***Ansan Thomas IX F***

# <u>ആഗോളതാപനം</u>

**ഹരിതഗേഹ വാതകങ്ങളുടെ ആധിക്യം മൂലം ഭൗമോപരിതലത്തിന്റേയും അന്തരീക്ഷത്തിന്റെയും താപനില വർധിക്കുന്ന പ്രതിഭാസമാണ് ആഗോളതാപനം.**


**മാനുഷീക പ്രവർത്തനങ്ങൾ കൊണ്ടും, മറ്റ പ്രകൃതിയാലുള്ള കാരണങ്ങൾ കൊണ്ടും ഹരിതഗേഹ വാതകങ്ങളായ കാർബൺഡൈഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ് വർദ്ധിക്കുന്നു. സൂര്യനിൽ നിന്നും ഭൂമിയിലേക്കെത്തുന്ന ചൂടിന്റെ പ്രതിഫലനത്തെ ഈ വാതകങ്ങൾ തടയുകയും ഭൂമിയിലെ താപനില വർദ്ധിക്കുകയും ചെയ്യുന്നു. ആഗോളതാപനം എങ്ങനെ കുറയ്ക്കാം.**

## <u>നമുക്ക് ചെയ്യാവുന്ന കാര്യങ്ങൾ</u>

- **കാർ,മോട്ടോർസൈക്കിൾ തുടങ്ങിയ വ്യക്തിഗതവാഹനങ്ങൾക്കു പകരം പൊതുഗതാഗത സംവിധാനങ്ങളോ, സൈക്കിളുകളോ ഉപയോഗപെടുത്തുക.**
- **അത്യാവശ്യമില്ലാത്ത വൈദ്യുതോപരണങ്ങൾ നിർത്തിയിടുക.**
- **മരങ്ങൾ നട്ടുവളർത്തുക.**
- **ഹരിതഗേഹ വാതകങ്ങളുടെ അളവ് കുറയ്ക്കുക.**
- **ഫോസിൽ ഇന്ധനങ്ങളുടെ അമിത ഉപയോഗം കുറയ്ക്കുക.**
- **ഭാവിയിലെ ഇന്ധനമായി ഹൈഡ്രജൻ വാതകം ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കുക.**
- **പുനഃസ്ഥാപിക്കാൻ കഴിയുന്ന ഊർജ്ജസ്രോതസുകളെ കൂടുതലായി ഉപയോഗിക്കുക.**
- **മറ്റുള്ളവരെ ബോധവൽക്കരിക്കുക.**



# കമ്പ്യൂട്ടർ



Alan Das O VI B

1613 ൽ ആണ് കമ്പ്യൂട്ടർ എന്ന പദം ആദ്യമായി ഉപയോഗിച്ചത്. കണക്ക് കൂട്ടുക എന്ന് അർത്ഥമുള്ള കമ്പ്യൂട്ട് (compute) എന്ന പദത്തിൽ നിന്നാണ് കമ്പ്യൂട്ടർ എന്ന പദത്തിന്റെ ഉത്ഭവം.

വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിച്ചെടുക്കുവാനും വേണ്ടിയുള്ള ഒരു ഇലക്ട്രിക് ഉപകരണമാണ് കമ്പ്യൂട്ടർ. ആദ്യ കാലങ്ങളിൽ കമ്പ്യൂട്ടറുകൾ കണക്ക് കൂട്ടലുകൾക്ക് മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് കമ്പ്യൂട്ടറിന്റെ കെട്ടിലും മട്ടിലും ഉപയോഗത്തിലും ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. കണക്ക് കൂട്ടുക എന്ന പ്രാഥമികാവശ്യത്തിനായി മാത്രം കമ്പ്യൂട്ടറിന്റെ ഉപയോഗം പരിമിതപ്പെട്ടില്ല. വാണിജ്യം, വിദ്യാഭ്യാസം, ആരോഗ്യം, വിനോദം, ശാസ്ത്രം, ആശയവിനിമയം എന്ന് തുടങ്ങി എല്ലാ മേഖലകളിലും കമ്പ്യൂട്ടർ ഇന്നൊരു അവിഭാജ്യ ഘടകമാണ്. ഓരോ മേഖലയിലേയും ഉപയോഗത്തിനായി പുതിയ സങ്കേതങ്ങൾ വന്നു തുടങ്ങി.

കൈപ്പിടിയിലൊതുങ്ങുന്ന പി.ഡി.എ (PDA) മുതൽ, നിമിഷാർദ്ധത്തിൽ, കോടാനുകോടി ഗണനങ്ങൾ നടത്താൻ പ്രാപ്തിയുള്ള സൂപ്പർകമ്പ്യൂട്ടർ വരെയുള്ളവ കമ്പ്യൂട്ടറിന്റെ ഗണത്തിൽപ്പെടുന്നു. മാത്രവുമല്ല,മൈക്രോപ്രോസസ്സർ അടിസ്ഥാനമാക്കിയുള്ള യന്ത്ര സംവിധാനങ്ങളെയെല്ലാം തന്നെ, കമ്പ്യൂട്ടർ എന്നു വിളിക്കാം. സംഖ്യാ സമ്പ്രദായത്തിലാണ് കമ്പ്യൂട്ടറിൽ വിവരങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുന്നതും. ഇതുതന്നെയാണ് കമ്പ്യൂട്ടറുകളുടെ പ്രവർത്തനത്തിന് അടിസ്ഥാനം എന്നും പറയാം.

P R W H S S KATTAKADA

BLOOMING BUDS

# എന്റെ കേരളം



**NIRUPAMA AJAY VIII D**

- 1956 നവമ്പർ ഒന്നാം തീയതി നിലവിൽ വന്നു.
- ഇന്ത്യയുടെ തെക്കേയറ്റത്ത് പടിഞ്ഞാറെക്കോണിൽ പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിൽ സ്ഥിതിചെയ്യുന്നു.
- ആകെ വിസ്തീർണ്ണം 38863 ച.കി.മീ.
- തിരുവനന്തപുരമാണ് തലസ്ഥാനം.
- കേരളത്തിൽ പതിനാല് ജില്ലകളുണ്ട്.
- 21 റവന്യൂ ഡിവിഷനുകളും, 75 താലൂക്കുകളും, 1572 വില്ലേജുകളും, 14 ജില്ലാപഞ്ചായത്തുകളും, 152 ബ്ലോക്ക് പഞ്ചായത്തുകളും, 60 നഗരസഭകളും, 5 മുനിസ്സിപ്പൽ കോർപ്പറേഷനും കേരളത്തിലുണ്ട്.




- കേരളം 140 നിയമസഭാ മണ്ഡലങ്ങളായും, 20 ലോകസഭാ മണ്ഡലങ്ങളായും വിഭജിച്ചിരിക്കുന്നു.
- കേരളത്തിന് 9 രാജ്യസഭാ സീറ്റുകളുണ്ട്.
- ആകെ 1542 കി. മീ. നീളത്തിൽ 9 ദേശീയപാതകൾ കേരളത്തിലൂടെ കടന്ന് പോകുന്നു.
- കേരളത്തിന്റെ സംസ്ഥാനവൃക്ഷം കോക്കസ് ന്യൂസിഫെറ എന്ന ശാസ്ത്രനാമമുള്ള തെങ്ങ് ആണ്.
- സംസ്ഥാന പുഷ്പം കാസിയ ഫിസ്റ്റുല എന്ന ശാസ്ത്രനാമമുള്ള കണിക്കൊന്നയാണ്.
- കേരളത്തിന്റെ സംസ്ഥാനമൃഗം ആനയാണ്. എലിഫസ് മാക്സിമസ് ഇൻഡിക്കസ് എന്നാണ് ആനയുടെ ശാസ്ത്രനാമം.
- കേരളത്തിന്റെ സംസ്ഥാനപക്ഷി ബ്യൂസെറസ് ബൈക്കോർണിസ് എന്ന് ശാസ്ത്രനാമമുള്ള മലമുഴക്കി വേഴാമ്പലാണ്.
- സംസ്ഥാന മത്സ്യം കരിമീനാണ്. ശാസ്ത്രനാമം എട്രോപ്ലസ് സുറാറ്റെൻസിസ്.
- കേരളത്തിന്റെ ഭാഷയായ മലയാളം, 2013 – ൽ ശ്രേഷ്ഠഭാഷയായി പ്രഖ്യാപിക്കപ്പെട്ടു.

P R W H S S KATTAKADA

# കടങ്കഥകൾ



**Josna V M  VI B**

1. ആരും കാണാതെ വരും ആരും കാണാതെ പോകും.

    കാറ്റ്.

2. ആയിരം തത്തയ്ക്ക് ഒരു കൊക്ക്.

    വാഴക്കുലയും കുടപ്പനും.

3. ആയിരം ഓമനകൾക്ക് ഒരരഞ്ഞാൺ.

    ചൂല്.

4. പച്ചക്കാട്ടിൽ പല്ലി മുട്ട.

    അടയ്ക്കാക്കുല.

5. പങ്കിക്കുട്ടൻ കാവൽക്കാരൻ.

    സാക്ഷ.

6. പച്ചയിറച്ചിന്മേൽ ഫലം തൂങ്ങി.

    കാതിലെ തോട.

7. രണ്ടെണ്ണം ഒരു കുപ്പിയിൽ.

    മുട്ട.

8. രണ്ടമ്മയ്ക്കും കൂടി ഒരുമകൻ.

    നകം.

9. മോതിരത്തലയൻ, കോടാലിക്കാലൻ.

    താക്കോൽ .

10. രണ്ടു പേർക്ക് ഒരു പല്ല്.

    ചവണ.

# കടങ്കഥാസാഗരം



Anupama L S VI A

ഭാഷ കൊണ്ട് ഉണ്ടാക്കിയിരിക്കുന്ന കുരുക്ക് അഴിച്ചെടുക്കുന്നതാണല്ലോ കടങ്കഥകൾ. മലയാളത്തിൽ ഇതിന് കടംപറയൽ, അഴിപ്പാൻകഥ, തോൽക്കഥ എന്നീ പേരുകൾ ഉണ്ട്.

വിനോദത്തിലൂടെ വിജ്ഞാനം പകരുക എന്നത് കടങ്കഥകളുടെധർമ്മമാണ് ബുദ്ധിസാമർത്ഥ്യം,ഭാവനാവികാസം,നിരീക്ഷണപാടവം,യുക്തിചിന്ത,സാഹിത്യാഭിരുചി, വിജ്ഞാന തീക്ഷ്ണത,താളബോധം എന്നിവ വികസിപ്പിച്ചെടുക്കുവാൻ കടങ്കഥാ മൽസരം വളരെ പ്രയോജനം ചെയ്യുന്നതാണ്.

1 അകത്തറുത്താൽ പുറത്തറിയും..............................ചക്കപ്പഴം

2 അടിക്കാത്ത മുറ്റമേത്...............................................ആകാശം


3 അടി തഴിക, നടുവടി മേൽ കുന................................ചേന

4 ഈമ്മണിയമ്മ കണ്ണെഴുതി.......................................കുന്നിക്കുരു



# കോഴി


അബിന വിജയ്  7 E



തൻ കുഞ്ഞുങ്ങൾ
പൊൻകുഞ്ഞുങ്ങൾ
തൊടിയിൽ ചിക്കിചികയുമ്പോൾ
തള്ളക്കോഴി പുള്ളിക്കോഴി
ഉള്ളിൽ നിറയേ തീയല്ലേ ?
ഉറുകണ്ണോടെ മാനത്തുണ്ടൊരു
പരുന്ത് വട്ടം ചുറ്റുന്നു !
മാവിൻ മീതെയിരിപ്പുണ്ടല്ലോ
കള്ള പൂച്ച കരിംപൂച്ച
അമ്മക്കോഴി പുള്ളിക്കോഴി
കണ്ണും കാതും കൂർപ്പിച്ചോ.

# കുഞ്ഞാറ്റക്കിളി





Kichu suresh IX B

ഞാനും നീയും ചങ്ങാതി,

കൂടെ കളിക്കാൻ പോരാമോ?

എന്നോടൊന്ന് കളിക്കാൻ വാ

കളിച്ച് കളിച്ച് രസിച്ചീടാം,

തുള്ളിത്തുള്ളി രസിച്ചീടാം,

മാനം നോക്കി പാറീടാം

കൂട്ടുകൂടാൻ പോരുമോ

കൂട്ടത്തിൽ ഞാൻ പാടീടാം

തത്തമ്മ പാടുന്ന പാട്ടുകൾ പാടാം


ഇക്കിളി കൂടി കളിച്ചീടാം

തുള്ളിത്തുള്ളി രസിച്ചീടാം

പോരാമോ എൻ കൂടെ നീ !

ചാഞ്ചാടിക്കിളി കുഞ്ഞാറ്റക്കിളി

കൂടെ കളിക്കാൻ പോരുമോ...





**Sandra S S V A**

# <u>ആന പശുവായാൽ</u>

മഹാ വികൃതിയാണ് കേശവനാന. വികൃതി കാരണം പാപ്പാനായ കോമപ്പൻ വശംകെട്ടു. കാര്യമറിഞ്ഞപ്പോൾ കോമപ്പന്റെ ചങ്ങാതിയായ രാമനുണ്ണി പറഞ്ഞു. എടോ കോമപ്പാ, വയറുനിറയെ തീറ്റകിട്ടുന്നതുകൊണ്ടാ കേശവനു ഇത്ര വികൃതി, തീറ്റ കുറച്ചാൽ വികൃതി മാറ്റി എടുക്കാം. തീറ്റ എങ്ങനെ കുറയ്ക്കും . കൊടുക്കുന്ന പനമ്പട്ടയുടെ എണ്ണം ക്രമത്തിൽ ഓരോന്നായി കുറച്ചു കൊണ്ട് വരണം. ഓരോന്നും കുറച്ചാൽ കേശവനറിയില്ല. അവസാനം ദിവസത്തിൽ ഒരു പനമ്പട്ട എന്ന സ്ഥിതിയിലാകും. അപ്പോൾ മെല്ലെ വൈക്കോലും കാടിവെള്ളവും കൊടുത്തു തുടങ്ങണം. കുറച്ചു ദിവസത്തിനകം കേശവൻ പശുവിനേപോലെ പാവമാകും. കോമപ്പൻ സമ്മതിച്ചു. കുറച്ച് ദിവസം കഴിഞ്ഞ് രാമനുണ്ണി കോമപ്പനെ കണ്ടു. കേശവനിപ്പോൾ പശുവിനുള്ള തീറ്റയാ കൊടുക്കുന്നത്. പക്ഷെ അത് കുഴപ്പമായി. ഇന്ന് ഉത്സവത്തിന് എഴുന്നള്ളിക്കാനായി നെറ്റിപ്പട്ടം കെട്ടിയപ്പോൾ അവൻ പിണങ്ങി. നെറ്റിപ്പട്ടം ഊരിയെടുത്തു അടുത്തുനിന്ന പശുവിന്റെ തലയിലിട്ട് ഒറ്റയോട്ടം. ഞാനവനെ തിരഞ്ഞു പോവുകയാ .........

**P R W H S S KATTAKADA**

# ഓണപ്പാട്ട്

പാടവരമ്പിൽ നിന്നും മാലോ-

രുടെ ഞാറ്റുപ്പാട്ട് നിലച്ചു.

അന്തിമറയുന്നല്ലോ പൊന്നാദി-

ത്യൻ ഓടി ഒളിക്കുന്നില്ലെ.

അച്ഛനെ കാത്തുകാത്ത്

ഞാനുമെൻകുട്ടേനും നോക്കിനിന്നു

പാടം കൊയ്ത്ത് കഴിഞ്ഞ്

അച്ഛനിന്ന് കോടിയുമായി വരുല്ലോ.

നാളേക്ക് നാട്ട് പൂവിൻ പൂക്കളം

മുറ്റത്ത് തീർക്കണോലോ

പൂങ്കാവിൽ പോകണോലോ പൊന്നു-

ദീപം നന്നായി തെളിക്കണോലോ.

ആടിവരുകാറ്റേ, പൂമണം

കൊണ്ട് തരു കാറ്റേ

പൂങ്കാറ്റെ പൊന്മലർ കാറ്റേ

എനിക്കൊരു പൊന്നോണം കൊണ്ട് തരു.

**ARJUN B IX A**

**P R W H S S KATTAKADA**

ചെറുകഥ

# ഒരു വേനൽ കാലത്തെ അവധി



Athira P VIII F

ഒരിടത്തൊരു മുത്തശ്ശിയുണ്ടായിരുന്നു. ആ മുത്തശ്ശിക്ക് ഒരു പേരക്കുട്ടിയുണ്ടായിരുന്നു. ആ കുട്ടിയുടെപേരാണ് ലക്ഷ്മി. ഒരു ദിവസം ലക്ഷ്മി മുത്തശ്ശിയെ കാണാൻ വീട്ടിലേക്ക് പോയി. അവൾക്ക് ആ സ്ഥലം വളരെ ഇഷ്ടമായി. അങ്ങനെ ഇരിക്കെ ഒരു വേനൽ അവധിക്ക് അവളുടെ അമ്മയും അച്ഛനും അവളെ മുത്തശ്ശിയുടെ വീട്ടിൽ കൊണ്ടാക്കിയിട്ട് പറഞ്ഞു മുത്തശ്ശി നമ്മുടെ മകളെ നോക്കിക്കോണം ഞങ്ങൾ കുറച്ചുദൂരെ പോവുകയാണ് എന്ന് പറഞ്ഞു അവർ യാത്രയായി.ലക്ഷ്മിക്ക് വളരെ സന്തോഷമായി. അങ്ങനെ മുത്തശ്ശി അവിടെയുള്ള എല്ലാ സ്ഥലങ്ങളും ചുറ്റികാണിച്ച . വയൽ, പറമ്പ്, ആറ്,കുളം, പക്ഷികൾ, പച്ചപ്പ് അങ്ങനെ ലക്ഷ്മിക്ക് ആ കാഴ്ചകൾ മറക്കാൻ കഴിയാത്തതായിരുന്നു. ലക്ഷ്മിക്ക് ആ സ്ഥലം വളരെ ഇഷ്ടമായി. അങ്ങനെ ഇരിക്കെ ഒരു ദിവസം അവളുടെ അച്ഛനും അമ്മയും വന്ന് അവളെ കൂട്ടികൊണ്ടുപോകാൻ തയ്യാറായി. അവൾക്ക് ആ വാർത്ത കേട്ടപ്പോൾ തന്നെ വളരെ സങ്കടമായി. അവൾ മുത്തശ്ശിയോട് കരഞ്ഞുപറഞ്ഞു. മുത്തശ്ശി ഞാൻ പോകുന്നില്ല. ഇത് പോലെ മനോഹരമായ കാഴ്ച എനിക്ക് എവിടെകാണാൻ സാധിക്കും. മോളെ നിന്റെ അമ്മയും അച്ഛനും നിന്നെ കൊണ്ടുപോകാൻ ഇത്രയും ദൂരെ വന്നില്ലേ മോള് പോയ്ക്കോ എന്ന് മുത്തശ്ശി പറഞ്ഞു. മുത്തശ്ശി അങ്ങനെ പറഞ്ഞെങ്കിലും മുത്തശ്ശിക്ക് വളരെ വിഷമമായിരുന്നു. മോള് ഉണ്ടായിരിന്നപ്പോൾ അവിടെ ഒരനക്കം എങ്കിലും ഉണ്ടായിരുന്നു എന്ന് മുത്തശ്ശി വിചാരിച്ചു. അങ്ങനെ ലക്ഷ്മി മുത്തശ്ശിയോട് യാത്ര പറഞ്ഞു . പക്ഷെ അവളുടെ മനസ്സിൽ ഇനി പെട്ടെന്ന് വേനൽക്കാലമാകാൻ അവൾ ആഗ്രഹിച്ചു. എങ്കിൽ അവൾക്ക് വീണ്ടും ആ ഗ്രാമത്തിലേക്ക് പോകാമല്ലോ.

അങ്ങനെ വിണ്ടും വേനൽക്കാലമായി. അവൾക്ക് വളരെ ധൃതിയായിരുന്ന മുത്തശ്ശിയെ കാണാനും പിന്നെ കാഴ്ചകൾ കാണാനും.അങ്ങനെ വീണ്ടും അവൾ മുത്തശ്ശിയെ കാണാൻ എത്തി. മുത്തശ്ശി സുഖമാണോ ഞാനൊന്നു പോയി ആ പാടവും, പറമ്പും, കുളവും എല്ലാം കണ്ടിട്ട് വരാം. അപ്പോൾ മുത്തശ്ശിയുടെ മറുപടി വളരെ സങ്കടകരമായിരുന്നു. മോളെ നീ കണ്ട പാടവും, പറമ്പും, വയലും ഇപ്പോൾ ഇല്ല. ഇപ്പോൾ ഉള്ളത് കുറേ ഫാക്ടറികളും, മാലിന്യങ്ങളും മാത്രം. ആ വാർത്ത കേട്ടതും അവൾ കരഞ്ഞു കൊണ്ട് തളർന്നു. മുത്തശ്ശി പറഞ്ഞു മോളെ ഇതാണ് ഇപ്പോൾ നമ്മുടെ എല്ലാവരുടെയും ഭൂമി. ഈ അവസ്ഥ വളരെ സങ്കടമേറിയതാണ്.



# പൊൻ പ്രഭാതം

Aparna S  9 D

ദിവസത്തിന്റെ ആദ്യസമയത്ത്
ദിവാകരൻ ഉദിച്ചുയർന്നു
തന്റെ കൂട്ടുകാരൻ വന്നതറിഞ്ഞ്
കിളികൾ സന്തോഷിച്ച് പാറിപ്പറന്നു.

നദികൾ കള – കള നാദത്താലും
കിളികൾ ചിൽ - ചിൽ ശബ്ദത്തോടും
പൂക്കളും മരങ്ങളെ തന്റെ മനോഹാരിതയിൽ സൂര്യനെ വരവേറ്റു .


# റോബൊട്ടിക്സ്

തൊഴിലാളി എന്ന ചെക്കോസ്ലോവാക്യൻ വാക്കിൽനിന്നാണ് റോബോട്ട് എന്ന പദത്തിൻെറ ഉത്ഭവം. 1920 കളിൽ കാൾ ചപ്പെക്ക് എന്ന ചെക്ക് സാഹിത്യക്കാരൻ, പണിയെടുക്കാൻ മാത്രമായി നിർമ്മിക്കപ്പെട്ട കൃത്രിമ മനുഷ്യരെപ്പറ്റി ഒരു സങ്കല്പകഥയെഴുതി. അതിനു ശേഷം കൃത്രിമ മനുഷ്യൻ അഥവാ യാന്ത്രിക മനുഷ്യൻ എന്ന അർഥത്തിൽ റോബോട്ട് എന്ന പദം മറ്റു ഭാഷകളിലും പ്രയോഗിച്ചു തുടങ്ങി. ഇന്ന് മനുഷ്യൻെറ ഇടപെടൽ കൂടാതെ വെൽഡിങ്, ഫിറ്റിങ് തുടങ്ങിയ പണികൾ ചെയ്യുന്ന യന്ത്രസംവിധാനങ്ങൾക്ക് റോബോട്ടുകൾ എന്നു പറയുന്നു. ഇവയ്ക്ക് മനുഷ്യരൂപം വേണമെന്നില്ല.

എന്നാൽ എല്ലാ സ്വയം പ്രവർത്തക യന്ത്രങ്ങളും റോബോട്ടുകൾ ആകുന്നില്ല. സാധനങ്ങൾ എടുത്ത് അങ്ങോട്ടും ഇങ്ങോട്ടും കൈകാര്യം ചെയ്യുന്ന സംവിധാനങ്ങളെ മാത്രമെ റോബോട്ടുകളായി കണക്കാക്കുന്നുള്ളു. വെൽഡിങ്, ഫിറ്റിങ് തുടങ്ങിയ പണികൾ കൂടതെ ഖനികളിലും വെള്ളത്തിനടിയിലും റേഡിയോസ്സരണ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനു വേണ്ട കൈകളും ഇവയെ നിശ്ചിതരീതിയിൽ പ്രവർത്തിപ്പിക്കാനുള്ള കമ്പ്യൂട്ടർ പ്രോഗ്രാമുകളുമാണ്, റോബോട്ടിൻെറ സവിശേഷതകൾ,എടുക്കുന്ന സാധനങ്ങളുടെ ഘനവും രൂപവും അറിയുവാനുള്ള ഗ്രാഹകങ്ങൾ ഇതിൻെറ അവിഭാജ്യമായ ഭാഗമാണ്. ഇന്നത്തെ നിർവചന പ്രകാരം മാറ്റി പ്രോഗ്രാം ചെയ്യാവുന്നത്, വിവിധോപയോഗയോഗ്യം എന്നീ ഗുണങ്ങൾ റോബോട്ടുകൾക്ക് ഉണ്ടായിരിക്കണം ഒട്ടോമാറ്റിക്ക് യന്ത്രങ്ങൾ മുൻപുണ്ടായിരുന്നു. പക്ഷേ അവയെല്ലാം ഒരൊറ്റ ജോലി മാത്രമെ ചെയ്യുകയുള്ളു. മറ്റൊരു ജോലിയ്ക്ക് അവയെ മാറ്റിയെടുക്കുക എളുപ്പമായിരിന്നില്ല. എന്നാൽ റോബോട്ടുകൾക്ക് നിയന്ത്രണങ്ങൾക്കും ഓർമ്മയ്ക്കും ഉള്ള സംവിധാനങ്ങൾ ഉണ്ട്.

ASHISH S M X D

PRWHSS KATTAKADA





**Greeshma G IX B**

# ഉറുമ്പ്

ഉറുമ്പേ ഉറുമ്പേ കുഞ്ഞനുറുമ്പേ
എങ്ങോട്ടേങ്ങോട്ടിപ്പോക്ക്
നിന്നെകണ്ടാലാളൊരു കുഞ്ഞൻ
നിൻ കടിയേറ്റാലതു കഠിനം
ആരും കരയും 'ആ' എന്നുടനെ

വരിനിരയായി പോകും കാഴ്ച
ആഹാ എന്തൊരു കേമത്തം!
ആരാ ആരാ നിന്നുടെ ട്യൂഷൻ മാസ്റ്റർ
പറയുക നീ ആ രഹസ്യം
പൊരുവെയിലിൽ നീ പണിയുന്നു
മഴയിൽ അല്ലലറിയാതെ
കാഴ്ചയിൽ എത്ര ചെറുതാണേലും
അദ്ധ്വാനത്തിൽ മുമ്പൻ നീ
വെറുതേ പോകുന്നവരോടും
അറിയാതെന്തോ നൊമ്പരമായ്
പൊറുക്കാനൊട്ടും ആവില്ല
ഇറുക്കിക്കടിക്കും ചാവോളം

മാനവരേവം ചൊല്ലുന്നു
ഉറുമ്പിൻ വഴിയേ പോകേണം
ഉടമയുമടിമയു മല്ലാതെ
മടികൂടാതവ പണിയുന്നു.

PRWHSS KATTAKADA

# വായനാശീലം കുട്ടികളിൽ



*"വായിച്ച് വളർന്നാൽ വിളയും*
*വായിക്കാതെ വളർന്നാൽ വളയും."*

Kavya A R IX D

കുഞ്ഞുണ്ണി മാഷിന്റെ ഈ വരികൾ വായനയുടെ മഹത്വത്തെ കാണിക്കുന്നു. പുസ്തകത്തിലൂടെ വളരാത്തവർ വെറും മൃഗമാണ് എന്ന് എഴുതികൊണ്ട് പുസ്കത്തിന്റെ മഹത്വം ഷേക്സ്പിയർ ചൂണ്ടിക്കാട്ടുന്നു. മനുഷ്യന്റെ വളർച്ചയിൽ ഒരു പ്രധാന ഘട്ടമാണ് എഴുത്തും വായനയും അഭ്യസിക്കൽ. അങ്ങനെ നേടിയ വിജ്ഞാനത്തിന്റേയും അത് സൃഷ്ടിച്ച വികസനത്തിന്റേയും കഥ പറയുന്നവയാണ് പുസതകങ്ങൾ അവ ചിന്തയുടെ നിറകുടങ്ങളാണ്.

'വായന ഒരാളെ പൂർണനാക്കുന്നു' എന്ന് പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായ ഫ്രാൻസിസ് ബേക്കൺ. വായന ചിന്തോദീപകമായ പ്രവർത്തനമാണ്, അറിവിന്റെ സ്രോതസ്സും. സാമൂഹിക സാബത്തിക മേഘലകളിലെ വളർച്ചയും വികാസവും നാം അറിയുന്നതും വായനയിലൂടെയാണ്. ഉയർന്ന് വരാൻ ആഗ്രഹിക്കുന്ന ഏതൊരാളും വായനയേ അതിലുള്ള പ്രധാന പടവായി കാണണം. വിശാലമായ കാഴ്ചപാടുകളും വായന നമ്മുക്ക് സമ്മാനിക്കുന്നു. വ്യക്തികളിൽ ആത്മവിശ്വാസവും ആശയവിനിമയശേഷിയും നിർമിക്കുന്നതിൽ വായനയ്ക്ക് വളരെ വലിയ പങ്കുണ്ട്.

വായന ഒരു ചടങ്ങു തീർക്കൽ മാത്രമായി പോകുവാൻ പാടില്ല. എത്ര പുസ്തകങ്ങൾ വായിച്ചു എന്നതിലല്ല, വായിച്ച പുസ്തകങ്ങളിൽ നിന്ന് എന്തു നേടി എന്നതിലാണ് നാം മൂല്യം കാണ്ടത്തേണ്ടത്. വായിച്ച് തീക്കുകയല്ല, വായിച്ച് പഠിക്കുകയാണ് വേണ്ടത്. പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്ന ഓരോ ആശയവും നാം വളരെ സൂക്ഷമതയോടെ സ്വീകരിക്കണം. ഏതാണ് നല്ലത് എന്ന് വിവേചിച്ചറിയാൻ നാം ശീലിക്കണം.

വിദ്യാർത്ഥികൾ വളരെ ശ്രദ്ധാപൂർവ്വം വായിക്കേണ്ട കൃതികളാണ് ജീവചരിത്രങ്ങൾ. മഹാന്മാർ ആ സ്ഥാനത്ത് ഉയർന്നത് എങ്ങനെയാണെന്ന് അതിലൂടെ മനസ്സിലാക്കാൻ നമുക്ക് കഴിയും. ചുരുക്കത്തിൽ ഒരു വ്യക്തിയുടെ സമൂലവ്യക്തിത്വത്തെ രൂപവൽക്കരിക്കുന്നതിൽ വായന വലിയ പങ്ക് വഹിക്കുന്നുണ്ട്.

**PRWHSS KATTAKADA**

**BLOOMING BUDS**



# മാലിന്യമുക്ത കേരളം

ദൈവത്തിന്റെ സ്വന്തം നാട് എങ്ങും പച്ചപ്പ്. മേഘക്കൂട്ടങ്ങളെപ്പോലെ ഒഴുകുന്ന നദികൾ. ഇങ്ങനെ ധാരാളം വിശേഷണങ്ങളും, നമ്മുടെ കേരളം ഇന്ന് മാലിന്യങ്ങളുടെ നാടായി മാറിക്കൊണ്ടിരിക്കുന്നു.

വളരെക്കാലമായിമലയാളികൾ അഭീമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നമാണ് മാലിന്യ സംസ്കരണം. മാലിന്യങ്ങൾ ശരിയായ വിധത്തിൽ സംസ്കരിക്കാതെ പൊതു സ്ഥലങ്ങളിലും നദികളിലും, കുളങ്ങളിലും, മറ്റും നിക്ഷേപിക്കുന്നതു മൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുകയും, അവ മനുഷ്യനേയും ജീവജാലങ്ങളെയും മരണത്തിന്റെ വക്കിലേക്ക് നയിക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക്കുകളും, മാംസാവശിഷ്ടങ്ങളും കലർന്ന മാലിന്യങ്ങൾ കത്തിച്ചു കളയുന്നത് മൂലം അതിൽ നിന്നും വമിക്കുന്ന വിഷകരമായ പുകച്ചുരുളുകൾ ക്യാൻസർ പോലുള്ള അസുഖങ്ങൾക്ക് കാരണമാകുന്നു. മഴക്കാലമാകുമ്പോൾ ഈ മാലിന്യ കൂമ്പാരങ്ങൾ റോഡിലേക്കും, തോടിലേക്കും ഒലിച്ചുപോകുന്നു. ഇതിലൂടെ പലതരം ജലജന്യരോഗങ്ങളും പടരുന്നു. എവിടെ തിരിഞ്ഞാലും ഭീതിപടർത്തുന്ന പനികളുടെ നടുവിലാണ് നമ്മൾ ഇതിൽ നിന്നൊക്കെ മുക്തിനേടണമെങ്കിൽ നാം ഓരോരുത്തരും ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട് അതിനായി ആദ്യം പകർച്ചവ്യാധികൾ പിടിപെടാനുള്ള സാഹചര്യം ഒഴിവാക്കുകയാണ് വേണ്ടത്.

നമ്മുടെ വീടുകളിലെ മാലിന്യങ്ങൾ അവ അവിടെ വച്ചുതന്നെ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കാൻ നമുക്ക് കഴിയണം. അതിനായിബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച്, മാലിന്യ സംസ്കരണത്തിനും. കൊതുക് നിർമ്മാർജ്ജനത്തിനും പോംവഴി കാണാൻ കഴിയും. കൂടാതെ പ്ലാന്റിനകത്തുള്ള മീഥൈൽ വാതകം സ്റ്റൗ കത്തിക്കാൻ ഉപകരിക്കുന്നു. ഇതിന് പുറമേ പൈപ്പ് കമ്പോസ്റ്റ്, കുഴി കമ്പോസറ്റ്, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയ മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടപ്പിലാക്കാം. അത്യന്താപേക്ഷിതമായി പാലിക്കേണ്ട ഒന്നാണ് പ്ലാസ്റ്റിക്ക് നിരോധനം.


ഇപ്രകാരം നമ്മുടെ നാടിനെ മാലിന്യമുക്തമായി പടുത്തുയർത്താൻ നമുക്ക് സാധിക്കണം.

പ്രകൃതി സംരക്ഷണമാണ് നാം അനുശാസിക്കേണ്ട മറ്റൊരു കാര്യം. ഭൂമിയുടെ സസ്യവൃക്ഷാവരണമാണ് നമുക്ക് ശുദ്ധവായുവും, തണുപ്പും, വെള്ളവും നൽകുന്നത്. ഈ പച്ചപ്പാണ് നമുക്ക് അന്നവും, പഴങ്ങളും, പൂക്കളും, ഔഷധങ്ങളും നൽകുന്നത്. പ്രകൃതിയുടെ വരദാനമാണ് അവ. അതിനാൽ ധാരാളം വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കണം. ഇത്തരം കർമ്മങ്ങൾ ഭാവിതലമുറയ്ക്കും പ്രചോദനമാകട്ടെ.



**PRWHSS KATTAKADA**

# <u>ബേപ്പൂർ സുൽത്താൻ എന്ന വൈക്കം മുഹമ്മദ് ബഷീർ</u>



**മലയാള സാഹിത്യത്തിൽ ഒരേ ഒരു സുൽത്താനേയുള്ളൂ. ഭാഷയുടേയും വ്യാകരണത്തിന്റെയും വേലിക്കെട്ടുകൾ പൊളിച്ചെഴുതി മലയാള സാഹിത്യത്തെ സാധാരണക്കാരന്റെ ജീവിതത്തോട് ചേർത്ത് നിർത്തിയ 'ബേപ്പൂർ സുൽത്താൻ' എന്ന വൈക്കം മുഹമ്മദ് ബഷീർ. സാധാരണക്കാരിൽ സാധാരണക്കാരനായ നാട്ടു മനഷ്യന്റെ പച്ചഭാഷയിലുള്ള ഹാസ്യാത്മകരമായ രചനകൾ വായനക്കാരെ ഒരുപോലെ ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും, കരയിപ്പിക്കുകയും ചെയ്തു. അതായിരുന്നു ആ തൂലികയുടെ ശക്തിയും.**

**ഒരിക്കലും അലക്കിത്തേച്ച വടിവൊത്ത ഭാഷയിൽ അദ്ദേഹം എഴുതിയില്ല. ഇത് മലയാളത്തിലെ മറ്റൊരു സാഹിത്യക്കാരനും അവകാശപ്പെട്ടാൽ സാധിക്കാത്ത വിധം ബഷീറിനെ ജനകീയനാക്കി. തന്റേതുമാത്രമായ വാക്കുകളും ശൈലികളുമായിരുന്നു ബഷീറിന്റെ സവിശേഷത അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ രചനാ രീതി 'ബഷീറിയൻ ശൈലി' എന്ന് തന്നെ അറിയപ്പെട്ടു.**

**ബാല്യകാല സഖി, പാത്തുമ്മയുടെ ആട്, പ്രേമലേഖനം, മതിലുകൾ, ശബ്ദങ്ങൾ, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, പാവപ്പെട്ടവരുടെ വേശ്യ, മുച്ചീട്ടുകളിക്കാരന്റെ മകൾ, വിശ്വവിഖ്യാതമായ മൂക്ക്, വിഡ്ഢികളുടെ സ്വർഗ്ഗം എന്നിങ്ങനെ മലയാളി എന്നും ഓർത്തുവയ്ക്കുന്ന രചനകൾ ആ തൂലികയിൽ നിന്ന് പിറവിയെടുത്തു.**

**ജീവിതത്തോട് ചേർന്ന് നിൽക്കുന്നവയായിരുന്നു അദ്ദേഹത്തിന്റെ രചനകൾ. താൻ കണ്ടുമുട്ടിയിട്ടുള്ള കഥാപാത്രങ്ങളെ അദ്ദേഹം രചനകളിലും ആവിഷ്കരിച്ചു. അതിദീർഘമായ രചനകൾക്ക് പകരം അടുക്കും ചിട്ടയോടും കൂടി വളരെക്കുറച്ച് എഴുതാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്.**

**കേന്ദ്ര സാഹിത്യ അക്കാദമി, കേരള സാഹിത്യ അക്കാദമി, ഫെല്ലോഷിപ്പുകൾ, സാഹിത്യത്തിനും രാഷ്ട്രീയത്തിനുമായി നാല് നാമപത്രങ്ങൾ, 1982-ൽ പത്മശ്രീ അവാർഡ്, 1987-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഫ് ലെറ്റേഴ്സ് ബിരുദം, പ്രേംനസീർ അവാർഡ്, ലളിതാംബിക അന്തർജനം സാഹിത്യ അവാർഡ്, മുട്ടത്തു വർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം എന്നിവ അദ്ദേഹത്തെ തേടിയെത്തി. 1994 ജൂലൈ അഞ്ചിന് അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു.**

**Ansen Thomas 9F**

ചെറുകഥ

# യാത്ര പോയതറിയാതെ



Greeshma G S   9 B

ഇളം കാറ്റിന്റെ മൃദുല സ്പർശം കാരണം എൻ മിഴികൾ ഇമ പൂട്ടി. ബസ്സിന്റെ കമ്പികളിൽ തലചായ്ച്ചിരിക്കുമ്പോൾ എന്റെ യാത്ര ഉദ്ദേശത്തെ ഓർത്തു. കാലങ്ങൾ പിന്നിട്ട് ഓർമ്മകളിലേക്ക് ഊഴ്ന്നിറങ്ങി. നാട്ടിലെ വലിയൊരു ജന്മിയുടെ മകനായിരുന്ന ഞാൻ,'നാരായണൻ'. തീണ്ടാചാരങ്ങളും അസമത്വങ്ങളും മനുഷ്യന്റെ കണ്ണിൽ ഇരുട്ടുവീണിരുന്ന കാലത്ത്. തികച്ചും ന്യായത്തിന്റെ വഴിയിൽ നടന്നുനീങ്ങിയപ്പോൾ എനിക്ക് നഷ്ടപ്പെട്ട അമൂല്യ ബന്ധങ്ങൾ. നാരായണൻ ആയ ഞാൻ കീഴ്ജാതിയിൽ പ്പെട്ട അണ്ണക്കനായി സൗഹൃദത്തിൽ ഏർപ്പെട്ടു. ഇതിന്റെ പേരിൽ അച്ഛനിൽ നിന്നും എല്ലാ ദിവസവും ശാസനയും അടിയും ഞാൻ ഏറ്റു വാങ്ങിയിരുന്നു. എന്നാൽ വിധി ക്രൂരമായതു പിന്നീടായിരുന്നു. ഒരു ദിവസം രാത്രി എന്റെ തറവാട്ടിൽ വലിയൊരു വഴക്കുണ്ടായി. കാരണം പ്രതാപിമാരുടെ ഒരു സംഘത്തിന്റെ കൂട്ടായ വർത്തമാനത്തിനിടയിൽ ഒരു ജന്മി എന്റെ അച്ഛന്റെ മുഖത്ത് നോക്കി ചോദിച്ചത്രെ "മകൻ ഉടുതുണിക്ക് വകയില്ലാത്ത തെണ്ടിപരിശകൾക്കൊപ്പമായല്ലോ കൂട്ട്, അവറ്റകളെ എപ്പോളാണ് തറവാട്ടിൽ കേറ്റുക എന്ന് ആർക്കറിയാം". ഇതായിരുന്നു വഴക്കിന്റെ തുടക്കം. പതിവിലും വലിയൊരു വഴക്കായിരുന്നു തറവാട്ടിൽ ഇന്ന്. അച്ഛനോടു ഞാൻ വല്ലാതെ തർക്കിച്ചു. എന്നോടു തർക്കിച്ച അച്ഛൻ തറവാട്ടിൽ നിന്ന് ഇരുളിന്റെ വഴിയിലേക്ക് ഇറങ്ങി പോയി. എനിക്കൊരു ശിക്ഷ വിധിച്ചിട്ടാണ് അച്ഛൻ പോയത്, അത്താഴം കൊടുക്കേണ്ട എന്ന്. എന്നാൽ പെറ്റ വയറിന് അത് അംഗീകരിക്കാൻ കഴിയില്ല. അമ്മ എനിക്ക് ഭക്ഷണം വിളമ്പി. എന്നാൽ കഴിച്ചു എന്ന് വരുത്തി ഞാൻ കിടന്നു. ഏറെ വൈകിയാണ് അച്ഛൻ തിരിച്ചെത്തിയത്. ആകെ വിയർത്ത് വല്ലാതെ പരിഭ്രമത്തോടെയാണ് വന്നത്. ആ രാത്രി ഇരുട്ടി വെളുപ്പിക്കാൻ ഞാൻ നന്നേ പാടുപ്പെട്ടു പിറ്റേ ദിവസം ഒരു അമ്മയുടെ നിലവിളിയായിരുന്നു എന്നെ ഉണർത്തിയത്. എന്റെ മിത്രം അണ്ണക്കൻ കുളക്കടവിൽ മരിച്ചു കിടക്കുന്നു, വിശ്വസിക്കാനായില്ല എനിക്ക്. എന്നാൽ മറ്റാർക്കും അറിയാത്ത മറ്റൊരു രഹസ്യം എന്നെ നിസ്സഹായനാക്കി അണ്ണക്കന്റെ മരണത്തിന് ഉത്തരവാദി അച്ഛനായിരുന്നു എന്ന സത്യം അണ്ണക്കന്റെ അമ്മയുടെ വാക്കുകൾ എന്റെ ചെവിയിൽ മുഴങ്ങുന്നു. "ഞങ്ങൾക്ക് ഒന്നേയുള്ളൂ". പല പ്രാവിശ്യം ആ അമ്മ എന്നോട് അത് പറഞ്ഞിരുന്നു. അറിഞ്ഞോ, അറിയാതെയോ മരണത്തിന് ഉത്തരവാദി ഞാനാണ് എന്ന തോന്നൽ. ആ നാട്ടിൽ എന്നെ തുടരാൻ അനുവദിച്ചില്ല. ഞാൻ നാടുവിട്ടു. എന്നെ ഓർമ്മയിൽ നിന്നും ബസ്സിലെ കണ്ടക്ടർ വിളിച്ചുണർത്തി "സ്ഥലമെത്തി". ഞാനിറങ്ങി ഓടി നാട്ടിലെ വഴികളിലൂടെ ഏറെ വർഷങ്ങൾക്ക് ശേഷം എന്റെ തറവാട്ടിലേക്ക് ഓടി. പടിപ്പുരയിലെത്തിയപ്പോൾ തറവാട് ആകെ പഴകിയതായിരിക്കുന്നു. തെല്ല് സംശയിച്ചെങ്കിലും കാര്യസ്ഥൻ ഗോപാലേട്ടൻ എന്നെ തിരിച്ചറിഞ്ഞു. ഞാൻ ആദ്യം ചോദിച്ചത് അമ്മയെയും അച്ഛനെയുമാണ്. എന്നെ കൂട്ടികൊണ്ട് പോയത് രണ്ട് തിരികൾ കത്തിച്ചുവച്ചിരിക്കുന്ന സ്മാരകങ്ങളുടെ അടുത്തേക്ക്. എന്റെ ആത്മാവ് പറന്ന് പോകുന്നതുപോലെ തോന്നി, എല്ലാം നഷ്ടപ്പെട്ട ജീവിതമാകുന്ന വഴിയിൽ യാത്ര പോയതറിയാതെ ഞാൻ ഒറ്റയ്ക്കായി, വീണ്ടും തനിച്ചായി.

# B+ve

Everyone possesses a mind. And the mind comprises of both positive and negative feelings. Emotions and attitudes. An optimist always nurtures his positive thinking. The negative attitude leads a man to positive. A man with positive attitude is like the fresh air . It is the fresh air which prompts man to live healthy. Just like this, a positive minded man refreshes others also.

A man with negative thinking not only hurts himself but also his fellow beings, directly or indirectly. A negatively accelerated man's simple deeds and utterances may irritate others around. Perhaps the man has not realized the bad effects of his deeds man is negatively rated in his thoughts, feelings and attitudes, it is not easy for him to save himself from that effect. Day by day the negative attitude became a part of his personality. Gradually his outlook will be a negative one and he will be and he will be an introvert to everything. However hard he worked, he cannot avoid his routines. At last when a person releases his own negative look, he will be in such a pathetic condition that he would not be able to help himself to overcome it.

Think a person with positive attitude. He will be a heavenly blessing to everyone. He inspires everyone directly or indirectly. He influences others. Take the case of rose. Though it lives among the thorns it produces beautiful flowers , the symbol of love, purity of passion and happiness. The person who only thinks of his thorns cannot enjoy the aesthetic beauty of that flower. While we considering the rose flower, it has good existence, in which the flower like a queen at the top of the plant. At last the rose flower becomes only a beautiful memory .

Every bad situation will have something positive. Even a stopped clock shows correct time twice a day.

Thus try to find the positive aspects in everything in our life. Then every moment will be some kind of positive.

'***Think positive and act positive'.***

Aleena S B
Std XD



# DOG & CAT

Sreenanda V B

*Once there lived a dog named Puppy and a cat named Kitten. They lived in a rich merchant's house. They were good Friends and do all thinks together. One day Puppy said " we can play football"Kitty said "No we can play chess,"and they started quarreling. That time merchant came to near Puppy and Kitty. The merchant said to stop quarreling and gave them two tasks, one who wins the tasks can choose what game they can play. In the first task Puppy won, and the second task Kitty. So the merchant said them to think and take a decision fastly. They took decision to played chess together happily.*



Jincy Raj 8F

# METHODS TO REDUCE ENERGY CRISIS

- Maximum utilisation of energy.
- Judicious utilization of solar energy.
- Minimising the wastage of water.
- Making use of public transportation as far as possible.
- Construction and beautifying of houses and roads in a scientific manner.
- Controlling of the street lamps with L D R.
- Timely repairing of machines.
- Limiting the size of newly constructed buildings.
- Ensuring maximum efficiency of machines used.



# *Mother Teresa*

*Harsha R Ansalam IX F*



*Mother Teresa* was born on 27th August 1910 in Skopje, now capital of the Republic of Maccedonia, in Yugoslavia. She left home at eighteen to join the sisters of Loreto as a missionary. She first went to Ireland to learn English and then came to Darjeling in india in 1929.While she was serving as a teacher in LORETO Convent Kolkata, she saw poverty around her and this saddened her deeply. She started the *Missionaries of Charity* to serve the poor. Mother Teresa and her missionaries of charity went to the poorest slums of Kolkata and looked after the old, sick and orphans.The home for them was named *Nirmal Hriday* meaning “pure heart”and the one for little children was called Nirmal Sishu Bhavan. In recognition of her service to humanity ,she was awarded the Nobel peace prize in 1979 and the Bharath Ratna in 1980. She died on 5th September 1979 .

PRWHSS KATTAKADA



# Science as a Blessing

Chaithra A R 9 C

Science has opened up a new chapter of wonders before humanity. It has scanned the sky and explored the Ocean,we can fly like a bird in air. Similarly ,we can swim like a fish. Man is not depended on natural environment. To some extent he is able to control land,water,space,time and distance.

Science is doing great service to the suffering humanity in various ways. It has conquered some of the most dreadful diseases like T.B, Typhoid and cholera by the use of drugs like streptomycin, chliromycetin , and penicilin etc .Radio isotopes of iodine locate the area of brain tumour. Isotopes of radio gold of cobalt are very effective in destroying cancer cells. Laser is a recent device which is finding its use in bloodless surgery .A detached retina can be welded safely by an eye surgery. Plastic surgery can truly rectify any deformity. Science has given eyes to the blind, ears to deaf and limps to handicapped. Truly science has enriched the daily life of the people. The strides that science has made in the domain of agriculture are equally commendable. Various yielding crops have been raised by hybridisation. Atomic energy has been employed in making mountains and rocky areas to fertile plains. It has also been in ripening crops in a much shorter time.

Science has wrested all the latent treasures from nature . It has broken the superstitious. Nowadays, in big cities, electric furnaces have been erected to cremate dead bodies. Thus in the journey of life, from cradle to grave , we have to take the help of electricity which is the biggest boon of science. In reality everything seems to be in the pail of possibility for the scientist. Thus the wonders and the advantages of science can be multiplied definitely.

# THE RISE OF AN ANGLE



-
ASHLIN S SARASAM X D

Through the darkness, i can't see a light
Through thick woods, i can't see a way
Through that lonely sea, i can't see a land
But, I am keep saying, “i'm not afraid.”

to start a new life, i reaped forward
whatever the reason, is better or won't
people ear lay, is he psycho or what.
I am keep saying, “i'm not afraid.”

Those memories are part of my life,
I can't see no more.
Someone is calling me from distance far
I set towards, for my comfort of now
I'm just keep saying I'm not afraid

the voice so far, comanded me
“ *RISE MY ANGLES*' rise with love,
something was happening to me, and
i'm just keep saying,”i'm not afraid”

I've strarted a new life, like an angel
set to save life, like a doctor
meant to drive away the evil
But even now I'm keep saying, I'm not afraid.

ANSEN THOMAS

# Patterns in natural numbers

(1) 9 x 9 + 7 = 88
98 x 9 + 6 = 888
987 x 9 + 5 = 8888
9876 x 9 + 4 = 88888
98765 x 9 + 3 = 888888
987654 x 9 + 2 = 8888888
9876543 x 9 + 1 = 88888888
98765432 x 9 + 0 = 888888888

(2) 1 x 9 + 2 = 11
12 x 9 + 3 = 111
123 x 9 + 4 = 1111
1234 x 9 + 5 = 11111
12345 x 9 + 6 = 111111
123456 x 9 + 7 = 1111111

# Mathematical Puzzles

1. I am an even Number
   I am less than 15
   I am multiple of 3
   I am bigger than 10
   Who am I ?

   12

2. I am a prime number
   I am a factor of 20
   I am a factor of 180
   Who am I ?

   5

3. I am an old number
   I am less than 30
   I am bigger than 20
   I am the multiple of 3 and 7
   Who am I ?

   21

# Tricks of Mathematics

| | | | |
|---|---|---|---|
| 1. | 123456789 x 9 | = | 1111111101 |
| 2. | 123456789 x 18 | = | 2222222202 |
| 3. | 123456789 x 27 | = | 3333333303 |
| 4. | 123456789 x 36 | = | 4444444404 |
| 5. | 123456789 x 45 | = | 5555555505 |
| 6. | 123456789 x 54 | = | 6666666606 |
| 7. | 123456789 x 63 | = | 7777777707 |
| 8. | 123456789 x 72 | = | 8888888808 |
| 9. | 123456789 x 81 | = | 9999999909 |
| 10. | 123456789 x 90 | = | 11111111010 |

**Jincy**
Std.VIII-F



# Through the eyes
# of the Lens

*Cheque given to Sri.I.B.Satheesh for flood Relief Fund*



*Inauguration of Vidyavani FM*





# *School Garden*







## *Republic Day*





# ***ECO CLUB***







## *SCOUT & RED CROSS*









## *Reader's Club*





## *Smart Class Room*







*Independence Day*





## *School Assembly*





# *Sports Day*





***PRWHSS KATTAKADA***




# THANKS